# പതിനഞ്ചാം കേരള നിയമസഭ

നാലാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2022 മാർച്ച് 17, വ്യാഴം

**നമ്പർ 60**

രാവിലെ 9.00-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ മൂന്നെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം ഉത്തരം നൽകുകയും ചെയ്തു.

നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ ഉത്തരത്തിനുള്ള തിരുത്ത് :

പതിനഞ്ചാം കേരള നിയമസഭയുടെ രണ്ടാം സമ്മേളനത്തിലെ 2021 ആഗസ്റ്റ് 5-ാം തീയതിയിലെ നക്ഷത്രചിഹ്നമിടാത്ത 3504-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തൽ വരുത്തിയ മറുപടി ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മേശപ്പുറത്ത് വച്ചു.

അടിയന്തരപ്രമേയം :

കെ.എസ്.ആർ.ടി.സി.-യെ നിഷ്ക്രിയമാക്കുന്നതിന് ഷെഡ്യൂളുകൾ വെട്ടിക്കുറച്ചും, സാമ്പത്തിക പ്രതിസന്ധിയിലേക്ക് നയിച്ചും, കോർപ്പറേഷന്റെ സ്ഥലവും സമ്പത്തും വിനിയോഗിച്ച് പുതിയ കമ്പനി രൂപീകരിച്ചും തകർച്ചയിലേക്ക് തള്ളിവിട്ടുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും മറ്റ് അഞ്ച് അംഗങ്ങളും ഒരു അടിയന്തരപ്രമേയത്തിന് നോട്ടീസ് നല്കിയിരുന്നു. ഗതാഗത വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തരപ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു.

(ഇക്കാര്യത്തിൽ സർക്കാർ അനുവർത്തിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്നിറങ്ങിപ്പോയി.)

ശ്രദ്ധ ക്ഷണിക്കൽ :

(1) നദികളിൽ അടിഞ്ഞുകൂടിയ മണലും ചെളിയും മാലിന്യങ്ങളും നീക്കം ചെയ്ത് സ്വാഭാവിക നീരൊഴുക്ക് സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ ജലവിഭവ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) ആശ്വാസകിരണം പദ്ധതിയിലെ ഗുണഭോക്താക്കൾ നേരിടുന്ന പ്രശ്നങ്ങളിലേക്കും, ഹീമോഫീലിയ രോഗികൾക്കുള്ള മരുന്നുവിതരണത്തിൽ നേരിടുന്ന തടസ്സങ്ങളിലേക്കും ശ്രീ. നജീബ് കാന്തപുരം ഉന്നതവിദ്യാഭ്യാസ-സാമൂഹ്യ നീതി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

<u>ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ</u>:

ചട്ടം 304 പ്രകാരം താഴെ പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു.

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. ഡി. സതീശൻ | ഒഴിവുകൾക്ക് ആനുപാതികമായി പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് നടപടി | മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 2 | ശ്രീ. ടി. പി. രാമകൃഷ്ണൻ | പേരാമ്പ്രയിലെ വില്ലേജുകളിലെ ഭൂനികുതി പട്ടയപ്രശ്നം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3 | ശ്രീ. ടി. ജെ. വിനോദ് | ഷണ്മുഖപുരം കോളനി നിവാസികളുടെ പട്ടയം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 4 | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | ആക്കുളം കായൽ പുനരുജ്ജീവനവും നീർത്തട സംരക്ഷണവും | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 5 | ശ്രീ. ടി. ഐ. മധുസൂദനൻ | പയ്യന്നൂർ നഗരസഭാ കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീമതി കെ. കെ. രമ | ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ടിന്മേൽ തുടർ നടപടി | മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി |
| 7 | ശ്രീ. വി. ആർ. സുനിൽ കുമാർ | കൊടുങ്ങല്ലൂർ, ചേറ്റുവ ഹാർബർ സബ്ഡിവിഷൻ ഓഫീസുകളുടെ പ്രവർത്തനം | മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി |
| 8 | ശ്രീ. പി. ഉബൈദുള്ള | മലപ്പുറം കെ.എസ്.ആർ.ടി.സി. ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | ഗതാഗത വകുപ്പുമന്ത്രി |
| 9 | ശ്രീ. ഒ. ആർ. കേളു | അരിവാൾ കോശ രോഗികളുടെ പ്രശ്നങ്ങൾ | ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. ജി. സ്റ്റീഫൻ | അരുവിക്കരയിലെ ആരോഗ്യസ്ഥാപനങ്ങളുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

അതത് വിഷയം സംബന്ധിച്ച് മന്ത്രിമാർ പ്രസ്താവന നടത്തി.

<u>റിപ്പോർട്ട് സമർപ്പണം</u> :

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു:

i. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ ഒന്നും, രണ്ടും റിപ്പോർട്ടുകൾ.

ii. പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച കമ്മിറ്റിയുടെ രണ്ടാമത് റിപ്പോർട്ട്.

iii. പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച കമ്മിറ്റിയുടെ മൂന്നാമത് റിപ്പോർട്ട്.

iv ഔദ്യോഗിക ഭാഷ സംബന്ധിച്ച കമ്മിറ്റിയുടെ ഒന്നും, രണ്ടും റിപ്പോർട്ടുകൾ.

v. മേശപ്പുറത്തുവച്ച കടലാസുകൾ സംബന്ധിച്ച കമ്മിറ്റിയുടെ മൂന്നും, നാലും റിപ്പോർട്ടുകൾ.

<u>ധനകാര്യം</u> :

<u>2021-2022 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള ഉപധനാഭ്യർത്ഥനകളേയും, 2011-2012, 2012-2013, 2013-2014, 2014-2015, 2015-2016 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകളേയും സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും</u>

2021-2022 സാമ്പത്തിക വർഷത്തെ ബജറ്റിലേക്കുള്ള II, III, V, VI, VII, VIII, IX, X, XI, XII, XIII, XIV, XV, XVII, XVIII, XIX, XX, XXI, XXII, XXIV, XXV, XXVII, XXVIII, XXIX, XXX, XXXI, XXXII, XXXIII, XXXIV, XXXV, XXXVII, XXXVIII, XXXIX, XLI, XLVI എന്നീ ധനാഭ്യർത്ഥനകളുടെ പേരിൽ ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയങ്ങൾ ബന്ധപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു:

ശ്രീ. സി. കെ. ഹരീന്ദ്രൻ

ഡോ. എം. കെ. മുനീർ

ശ്രീമതി സി. കെ. ആശ

ശ്രീ. അൻവർ സാദത്ത്

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ

ശ്രീ. പി. പി. സുമോദ്

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. ലിന്റോ ജോസഫ്

ശ്രീ. ആന്റണി ജോൺ

ശ്രീ. മാത്യു ടി. തോമസ്

ശ്രീ. പി. ഉബൈദുള്ള

ശ്രീ. വി. ശശി

ശ്രീ. എം. രാജഗോപാലൻ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ മറുപടി നൽകി.

തുടർന്ന് II, III, V, VI, VII, VIII, IX, X, XI, XII, XIII, XIV, XV, XVII, XVIII, XIX, XX, XXI, XXII, XXIV, XXV, XXVII, XXVIII, XXIX, XXX, XXXI, XXXII, XXXIII, XXXIV, XXXV, XXXVII, XXXVIII, XXXIX, XLI, XLVI എന്നീ ധനാഭ്യർത്ഥനകൾ സഭ വോട്ടിനിട്ട് പാസ്സാക്കുകയും I, XVI, XLIII, XLV എന്നീ ധനാഭ്യർത്ഥനകളുടെ പേരിലുള്ള ഉപധനാഭ്യർത്ഥനകൾ ചർച്ച കൂടാതെ പാസ്സാക്കുകയുമുണ്ടായി. അതിനുശേഷം, 2011-2012, 2012-2013, 2013-2014, 2014-2015, 2015-2016 എന്നീ സാമ്പത്തിക വർഷങ്ങളിലെ അധികധനാഭ്യർത്ഥനകൾ ചർച്ചകൂടാതെ പാസ്സാക്കുകയും ചെയ്തു.

<u>നിയമനിർമ്മാണകാര്യം</u> :

<u>2022-ലെ കേരള ധനവിനിയോഗ ബിൽ, 2022-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ, 2022-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ, 2022-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ, 2022-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ, 2022-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ എന്നിവയുടെ അവതരണവും അനന്തരഘട്ടങ്ങളും</u>

ധനകാര്യ വകുപ്പുമന്ത്രി ശ്രീ. കെ. എൻ. ബാലഗോപാൽ 2022-ലെ കേരള ധനവിനിയോഗ ബിൽ, 2022-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ, 2022-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ, 2022-ലെ കേരള ധനവിനിയോഗ

(4-ാം നമ്പർ) ബിൽ, 2022-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ, 2022-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

താഴെപ്പറയുന്ന അംഗങ്ങൾ ചർച്ചയിൽ പങ്കെടുത്തു :

ശ്രീ. ഡി. കെ. മുരളി

(ചർച്ചയ്ക്കിടയിൽ പ്രതിപക്ഷ നേതാവ് കെ-റെയിലിനെതിരെ സമരം ചെയ്യുന്നവർക്കെതിരെയുള്ള പോലീസ് നടപടിയുമായി ബന്ധപ്പെട്ട വിഷയം ഉന്നയിക്കുകയും, തുടർന്ന് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ നിന്ന് ഇറങ്ങിപോകുകയും ചെയ്തു.)

ശ്രീ. ഇ. കെ. വിജയൻ

ചർച്ചയിൽ ഉന്നയിക്കപ്പെട്ട കാര്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി മറുപടി പറഞ്ഞു.

തുടർന്ന് 2022-ലെ കേരള ധനവിനിയോഗ ബിൽ, 2022-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ) ബിൽ, 2022-ലെ കേരള ധനവിനിയോഗ (3-ാം നമ്പർ) ബിൽ, 2022-ലെ കേരള ധനവിനിയോഗ (4-ാം നമ്പർ) ബിൽ, 2022-ലെ കേരള ധനവിനിയോഗ (5-ാം നമ്പർ) ബിൽ, 2022-ലെ കേരള ധനവിനിയോഗ (6-ാം നമ്പർ) ബിൽ എന്നിവ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും പാസ്സാക്കുകയും ചെയ്തു.

2022 മാർച്ച് 18-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് ശേഷം 4.20-ന് സഭ പിരിഞ്ഞു.

എസ്. വി. ഉണ്ണികൃഷ്ണൻ നായർ,
*സെക്രട്ടറി.*

## FIFTEENTH KERALA LEGISLATIVE ASSEMBLY

Fourth Session

# BULLETIN—PART I

( Brief Record of Proceedings )

*Thursday, March 17, 2022*

**No. 60**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Three Questions in the list of Questions posted for the day were answered orally.

*Correction of answer to Unstarred Question:*

The Corrected answer to Unstarred question No. 3504 dated 5th August 2021 of Second session of Fifteenth Kerala Legislative Assembly was laid on the Table by Shri K. N. Balagopal, Minister for Finance.

*Adjournment Motion:*

After hearing the Minister for Transport, the Speaker withheld consent to the moving of an adjournment motion given notice of by Shri Thiruvanchoor Radhakrishnan and five other Members regarding the situation reported to have arisen consequent to the leading of K.S.R.T.C. into destruction by scaling down the schedule of service, making way for its financial crisis and using its land and assets for the formation of a new company.

(As a mark of protest against the attitude of the Government the Members belonging to opposition staged a walkout.)

*Calling Attention :*

1. Shri Sebastian Kulathunkal called the attention of the Minister for Water Resources to the necessity to take steps to remove silt, sand and pollutants from rivers to facilitate natural flow. The Minister made a statement thereto.

2. Shri Najeeb Kanthapuram called the attention of the Minister for Higher Education and Social Justice to the problems faced by the beneficiaries of the 'Aswasakiranam Project' and to the disruptions in the distribution of medicines to Haemophilia patients. The Minister made a statement thereto.

*The Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below;

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | ശ്രീ. വി. ഡി. സതീശൻ | ഒഴിവുകൾക്ക് ആനുപാതികമായി പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിന് നടപടി | മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശ സ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി |
| 2 | ശ്രീ. ടി. പി. രാമകൃഷ്ണൻ | പേരാമ്പ്രയിലെ വില്ലേജുകളിലെ ഭൂനികുതി പട്ടയപ്രശ്നം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3 | ശ്രീ. ടി. ജെ. വിനോദ് | ഷണ്മുഖപുരം കോളനി നിവാസികളുടെ പട്ടയം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 4 | ശ്രീ. കടകംപള്ളി സുരേന്ദ്രൻ | ആക്കുളം കായൽ പുനരുജ്ജീവനവും നീർത്തട സംരക്ഷണവും | പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി |
| 5 | ശ്രീ. ടി. ഐ. മധുസൂദനൻ | പയ്യന്നൂർ നഗരസഭാ കുടിവെള്ള പദ്ധതി | ജലവിഭവ വകുപ്പുമന്ത്രി |
| 6 | ശ്രീമതി കെ. കെ. രമ | ജസ്റ്റിസ് ഹേമ കമ്മീഷൻ റിപ്പോർട്ടിന്മേൽ തുടർ നടപടി | മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി |
| 7 | ശ്രീ. വി. ആർ. സുനിൽ കുമാർ | കൊടുങ്ങല്ലൂർ, ചേറ്റുവ ഹാർബർ സബ്ഡിവിഷൻ ഓഫീസുകളുടെ പ്രവർത്തനം | മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പുമന്ത്രി |
| 8 | ശ്രീ. പി. ഉബൈദുള്ള | മലപ്പുറം കെ.എസ്.ആർ.ടി.സി. ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം | ഗതാഗത വകുപ്പുമന്ത്രി |
| 9 | ശ്രീ. ഒ. ആർ. കേളു | അരിവാൾ കോശ രോഗികളുടെ പ്രശ്നങ്ങൾ | ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി |
| 10 | ശ്രീ. ജി. സ്റ്റീഫൻ | അരുവിക്കരയിലെ ആരോഗ്യസ്ഥാപനങ്ങളുടെ പ്രവർത്തനം | ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി |

The Ministers concerned made statements on the respective subjects.

*Presentation of Reports:*

The following reports were presented:

i. The First and Second Reports of the Committee on Estimates.

ii. The Second Report of the Committee on on the Welfare of Scheduled Castes and Scheduled Tribes.

iii. The Third Report of the Committee on the Welfare of Non Resident Keralites (Pravasi Malayalees).

iv. The First and Second Reports of the Committee on Official Language.

v. The Third and Fourth Reports of the Committee on Papers Laid on the Table.

*Financial Business :*

Discussion and Voting on the Final Supplementary Demands for Grants in the Budget for the Financial Year 2021-2022 and Demands for Excess Grants for the Financial Years 2011-2012, 2012-2013, 2013-2014, 2014-2015 and 2015-2016.

Motions for the Final Supplementary Demands for Grants in the Budget for the Financial Year 2021-2022 in respect of the Demands II, III, V, VI, VII, VIII, IX, X, XI, XII, XIII, XIV, XV, XVII, XVIII, XIX, XX, XXI, XXII, XXIV, XXV, XXVII, XXVIII, XXIX, XXX, XXXI, XXXII, XXXIII, XXXIV, XXXV, XXXVII, XXXVIII, XXXIX, XLI and XLVI were moved by the respective Ministers.

The following Members took part in the discussion:

Shri C. K. Hareendran

Dr. M. K. Muneer

Smt. C. K. Asha

Shri Anwar Sadath

Shri Sebastian Kulathunkal

Shri P. P. Sumod

Shri Mons Joseph

Shri T. I. Madhusoodanan

Shri T. J. Vinod

Shri Linto Joseph

Shri Antony John

Shri Mathew T. Thomas

Shri P. Ubaidulla

Shri V. Sasi

Shri M. Rajagopalan

Shri Thiruvanchoor Radhakrishnan

Shri. K. N. Balagopal, Minister for Finance replied to the points raised during the discussion.

Then the Supplementary demands in Demand Numbers II, III, V, VI, VII, VIII, IX, X, XI, XII, XIII, XIV, XV, XVII, XVIII, XIX, XX, XXI, XXII, XXIV, XXV, XXVII, XXVIII, XXIX, XXX, XXXI, XXXII, XXXIII, XXXIV, XXXV, XXXVII, XXXVIII, XXXIX, XLI and XLVI were put to vote and passed by the House. The Supplementary demands in Demand Numbers I, XVI, XLIII and XLV were also passed without any discussion. Then the Demands for Excess Grants for the Financial Years 2011-2012, 2012-2013, 2013-2014, 2014-2015 and 2015-2016 were passed without any discussion.

*Legislative Business :*

Introduction and further stages of the Kerala Appropriation Bill, 2022, The Kerala Appropriation (No. 2) Bill, 2022, The Kerala Appropriation (No. 3) Bill, 2022, The Kerala Appropriation (No. 4) Bill, 2022, The Kerala Appropriation (No. 5) Bill, 2022 and The Kerala Appropriation (No. 6) Bill, 2022.

Shri K. N. Balagopal, Minister for Finance introduced the Kerala Appropriation Bill, 2022, the Kerala Appropriation (No. 2) Bill, 2022, the Kerala Appropriation (No. 3) Bill, 2022, the Kerala Appropriation (No. 4) Bill, 2022, the Kerala Appropriation (No. 5) Bill, 2022 and the Kerala Appropriation (No. 6) Bill, 2022 and moved that the Bills be taken into consideration.

The following Members took part in the discussion :

Shri D. K. Murali

(During the discussion, the Leader of the Opposition raised the matter of Police action against protesters of K-Rail in the House and the Members belonging to opposition boycotted the rest of the proceedings.)

Shri E. K. Vijayan

Shri K. N. Balagopal, Minister for Finance replied to the points raised during the discussion.

Then the Kerala Appropriation Bill, 2022, the Kerala Appropriation (No. 2) Bill, 2022, the Kerala Appropriation (No. 3) Bill, 2022, the Kerala Appropriation (No. 4) Bill, 2022, the Kerala Appropriation (No. 5) Bill, 2022 and the Kerala Appropriation (No. 6) Bill, 2022 were taken up for clause by clause consideration and passed.

The House adjourned at 4.20 p.m. to meet again at 9.00 a.m. on Friday, March 18, 2022.

S. V. UNNIKRISHNAN NAIR,
*Secretary.*